കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് - 2015-16 വാർഷിക പദ്ധതിയിൽപ്പെടുത്തി 2016-17 ൽ സ്പിൽ ഓവറായി ഉൾപ്പെടുത്താതെ പൂർത്തിയാക്കിയ അരയാക്കൽ താഴെ ചിറക്കുനി മുക്ക് ഫുട്പാത്ത് എന്ന പദ്ധതി - വാല്യുവേഷന്റെ അടിസ്ഥാനത്തിൽ പുതിയ പ്രോജക്ട് തയ്യാറാക്കി കരാറുകാരന് തുക നൽകുന്നത് - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 162/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 25.01.2019

പരാമർശം :- 1. വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.09.2018-ലെ കത്ത് .

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31/12/2018-ലെ 4.28 നമ്പർ തീരുമാനം .

ഉത്തരവ്

വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക പദ്ധതിയിൽ (പ്രോ.നം.224/16) ഉൾപ്പെടുത്തിയിരുന്ന അരയാക്കൽ താഴെ ചിറക്കുനി മുക്ക് ഫുട്പാത്ത് എന്ന പദ്ധതി കരാറുകാരൻ 06.01.2017 ൽ പൂർത്തിയാക്കി. ബിൽതുക 85,218/- രൂപയാണ് . 2016-17 ൽ പ്രസ്തുത പദ്ധതി സ്പിൽ ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയതിനാൽ തുടർന്നുള്ള വർഷവും ഉൾപ്പെടുത്തിയിരുന്നില്ല. 2018 -19 വാർഷിക പദ്ധതിയിൽ സ്പിൽഓവറായി ഉൾപ്പെടുത്താനുള്ള അനുമതി നൽകണമെന്ന് വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു പ്രസ്തുത യോഗത്തിന്റെ പരാമർശം രണ്ടിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, 2015-16 വാർഷിക പദ്ധതിയിൽപ്പെടുത്തിയിരുന്ന അരയാക്കൽ താഴെ ചിറക്കുനി മുക്ക് ഫുട്പാത്ത് എന്ന പ്രവൃത്തി 2017- ൽ പൂർത്തീകരിച്ച പ്രോജക്ടായതിനാൽ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ പുതിയ പ്രോജക്ട് തയ്യാറാക്കി തുക നൽകാൻ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത്,കോഴിക്കോട് .

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ